LIBRARY ARCHIVES Kerala Legislative Assembly

വടകര, വില്യാപ്പള്ളി വെടിവെയ്പ് കേസ്

16 [1531] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര, വില്യാപ്പള്ളിക്കാരായ രണ്ടുപേരെ രാത്രി ബൈക്കിൽ പോകുമ്പോൾ വെടിവെച്ചു ഭയപ്പെടുത്തി പണം തട്ടാൻ ശ്രമിച്ച കേസിലെ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(ബി) വെടിയേറ്റ് ഗുരുതരമായി പരിക്കുപറ്റിയിട്ടും മൂന്നു വർഷത്തിലധികമായി ആ കേസ് ചാർജ്ജ് ചെയ്ത് നടപടികൾ സ്വീകരിക്കാൻ താമസിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) കേസ് നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) മൂന്ന് പ്രതികളിൽ ഒരാളെ അറസ്റ്റു ചെയ്തു.

(ബി) ഒളിവിൽ കഴിയുന്ന ഒന്നും മൂന്നും പ്രതികളെ അറസ്റ്റു ചെയ്യാൻ ബാക്കിയുള്ളതിനാലും വെടിവയ്ക്കാൻ ഉപയോഗിച്ച തോക്കും, അക്രമികൾ സഞ്ചരിച്ച മോട്ടോർ സൈക്കിളും കണ്ടെത്താൻ കഴിയാത്തതിനാലും ആണ് നടപടികൾ താമസിക്കുന്നത്.

(സി) കേസ് ഊർജ്ജിതമായി അന്വേഷിക്കുന്നുണ്ട്.

പോലീസ് കസ്റ്റഡി മരണം

17 [1532] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കസ്റ്റഡി മരണങ്ങളെ സംബന്ധിച്ച് ഫലപ്രദമായി അന്വേഷണം നടത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പോലീസ് കസ്റ്റഡി മരണങ്ങളെ സംബന്ധിച്ച് ശക്തമായ അന്വേഷണവും നടപടിയും ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പോലീസ് കസ്റ്റഡി മരണങ്ങളെക്കുറിച്ച് റിപ്പോർട്ട് ലഭിക്കുമ്പോഴെല്ലാം ഊർജ്ജിതമായി അന്വേഷണവും നടപടിയും എടുത്തുവരുന്നുണ്ട്.